ഉത്തരം

(എ) നിലവിലുള്ള കടൽഭിത്തികളുടെ ഉയരവും വീതിയും കുറവായതു കൊണ്ടു മാത്രമാണ് നമ്മുടെ കടൽതീരത്ത് കടലാക്രമണ കെടുതികൾ ഉണ്ടാകുന്നതെന്ന് പറയുന്നത് ശരിയല്ല. കേരള എഞ്ചിനീയറിംഗ് റിസർച്ച് വിഭാഗത്തിന്റെ വിവിധ സാങ്കേതിക പഠനങ്ങൾക്കുശേഷമാണ് കടൽ ഭിത്തിയുടെ ഉയരവും വീതിയും ഇപ്പോൾ നിലവിലുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചു നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ആധുനിക സ്പെസിഫിക്കേഷൻ അനുസരിച്ച് നിർമ്മിക്കുന്ന കടൽഭിത്തിക്ക് 3.35 മീറ്റർ ഉയരവും 18 മീറ്റർ വീതിയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ചെല്ലാനം പഞ്ചായത്തിൽ പഴയ സ്പെസിഫിക്കേഷൻ അനുസരിച്ച് നിർമ്മിച്ചിട്ടുള്ള കടൽ ഭിത്തികൾ പുതുക്കിയ സ്പെസിഫിക്കേഷൻ അനുസരിച്ച് പുനർ നിർമ്മിക്കാൻ പണത്തിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഡ്രെയിനേജ് കണക്ഷൻ

923. [1361] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുര്യാത്തി ഡ്രെയിനേജ് സബ്ഡിവിഷന്റെ കീഴിൽപ്പെട്ട മുടവൻമുഗൾ ഡ്രെയിനേജ് പമ്പുഹൗസിനു സമീപത്ത് താമസക്കാരായ രണ്ടു വീട്ടുകാർ ഡ്രെയിനേജ് കണക്ഷനുവേണ്ടി ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പൂജപ്പുര പിച്ചിവിള കൃഷ്ണൻകുട്ടിയോടൊപ്പം അഞ്ചുപേർ ഡ്രെയിനേജ് കണക്ഷനു അപേക്ഷിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞിട്ടും ഇതുവരെ കണക്ഷൻ നൽകിയിട്ടില്ല എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത അവസ്ഥ സ്ഥലവാസികൾക്ക് ഗുരുതരമായ ആരോഗ്യപ്രശ്നം ഉളവാക്കുന്നതിനാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുമോ ;

(ഇ) പമ്പ് ഹൗസിൽനിന്നും ഏകദേശം 125 മീറ്റർ മാത്രം അകലമുള്ള ഈ വീടുകൾക്ക് ഇതുവരെ കണക്ഷൻ നൽകാതിരിക്കാനുള്ള കാരണം എന്താണ് ;

(എഫ്) ഡ്രെയിനേജ് പമ്പ് ഹൗസിനു സമീപമുള്ള വീടുകൾക്ക് അടിയന്തിരമായി കണക്ഷൻ നൽകണമെന്ന് ഗവൺമെന്റ് മുമ്പ് എടുത്ത തിരുമാനം ഇപ്പോൾ നിലവിലുണ്ടോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) ഡ്രെയിനേജ് കണക്ഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ഥലവാസികൾക്ക് മൊത്തത്തിൽ പ്രയോജനപ്പെടത്തക്കവിധം ഡ്രെയിനേജ് ലൈൻ ഇടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പണത്തിന്റെ ലഭ്യത അനുസരിച്ച് ഈ ജോലി നടപ്പാക്കുന്നതാണ്.

(ഇ) പണത്തിന്റെ അപര്യാപ്തതകാരണം.

(എഫ്) ഉണ്ട്.

കുരിയാത്തി വാർഡിലെ ഡ്രെയിനേജ്

924 [1362] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കുരിയാത്തി വാർഡിൽ റോഡിന് ഇരുവശത്തും ഡ്രെയിനേജ് സൗകര്യം ഇതുവരെ ഇല്ലെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽപ്പറഞ്ഞ സ്ഥലത്തെ നിവാസികൾ ഡ്രെയിനേജ് സൗകര്യം ലഭ്യമാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 22-2-1986-ൽ ഒരു നിവേദനം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ സ്ഥലത്ത് ഡ്രെയിനേജ് സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ?

(ഡി) ഇതിൻമേൽ നടപടികൾ സ്വീകരിച്ചിട്ടില്ല എങ്കിൽ സത്വര നടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ ;

ഉത്തരം

(എ, ബി) ഉണ്ട്.

(സി) ഡ്രെയിനേജ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള ജോലിക്കായി എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കുന്നുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പുത്തരിക്കണ്ടം മൈതാനം

925. [1363] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പ്രസിദ്ധമായ പുത്തരിക്കണ്ടം മൈതാനം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ മൈതാനത്തെ ഒരു പാർക്കാക്കി മാറ്റാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന് ഉണ്ടോ ?

ഉത്തരം

(എ) പുത്തരിക്കണ്ടം മൈതാനം സംരക്ഷിക്കുന്നതിനു വേണ്ടി നിയമിച്ച കമ്മിറ്റി ആയതിനു വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി വരുകയാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly